Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 12 | 2018 മാർച്ച് 18 | 1193 മീനം 04

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"ദൈവത്തിൽ നിന്ന് അറിവ് നേടാൻ സദാ നമ്മൾ തയ്യാറായിരിക്കണം. വഴിയിൽ കിടക്കുന്ന ചവറുപോലുള്ള ചിന്ത മനസ്സിൽ കയറാൻ അനുവദിക്കരുത്. "

# അഗ്രിക്കൾച്ചർ സോണിൽ പുതിയ കിണർ നിർമ്മാണം തുടങ്ങി

**അഗ്രികൾച്ചർ സോൺ:** അഗ്രിക്കൾച്ചർ സോണിൽ പുതിയ കിണറിന്റെ നിർമ്മാണം ആരംഭിച്ചു. മാർച്ച് 14 ബുധനാഴ്ച രാവിലെ 9 മണിക്ക് നടന്ന ചടങ്ങിൽ സർവാദരണീയ സ്വാമി നവകൃപ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ തിരിതെളിയിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും പങ്കെടുത്തു.



*അഗ്രികൾച്ചർ സോണിലെ പുതിയ കിണർ നിർമ്മാണത്തിന് സ്വാമി നവകൃപ ജ്ഞാനതപസ്വി തിരിതെളിയിക്കുന്നു*

അഗ്രികൾച്ചർ സോണിലെ സ്ഥിരതാമസക്കാരായ കുടുംബങ്ങളുടെ വീട്ടാവശ്യത്തിനും മറ്റ് കാർഷികാവശ്യങ്ങൾക്കുമാണ് പുതിയ കിണർ നിർമ്മിക്കുന്നത്. നിലവിലുള്ള കിണറിലെ വെള്ളം കടുത്ത വേനലിൽ വൻതോതിൽ കുറഞ്ഞതോടെയാണ് രണ്ടാമത്തെ കിണർ നിർമ്മിക്കേണ്ടി വന്നത്.

വേനൽ ആയതോടെ നിലവിലുള്ള കിണറിലെ വെള്ളം തികയാതെ വന്നപ്പോൾ പുതിയ ഒരു കിണർ നിർമ്മിക്കാൻ ആശ്രമത്തിൽ നിന്നും അനുവാദം ലഭിച്ചിരുന്നു. എന്നാൽ പല കാരണങ്ങളാൽ കിണർ നിർമ്മാണം നീണ്ടുപോയി. പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നടത്തിയ ഗൃഹസന്ദർശനസമയത്ത് ജലക്ഷാമത്തെക്കുറിച്ച് അറിയിച്ചതിനെ തുടർന്ന് പുതിയ കിണർ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കാൻ സ്വാമി നിർദ്ദേശം നല്കുകയായിരുന്നു.

മലബാറിൽനിന്നും മറ്റ് ദൂരസ്ഥലങ്ങളിൽ നിന്നും ആശ്രമത്തിൽ വരുന്നവർക്ക് പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടി 1997 ലാണ് അഗ്രികൾച്ചർ സോണിൽ കെട്ടിടം നിർമ്മിച്ചത്. മൂന്ന് ഷെഡ്ഡുകളും പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റുകളുമാണ് അന്ന് നിർമ്മിച്ചത്. അന്ന് വൈദ്യുതി ഉണ്ടായിരുന്നില്ല.

1997 ൽ, ഗുരുവിന്റെ സപ്തതി ആഘോഷങ്ങൾക്കുശേഷം ആശ്രമത്തിൽ ആയുർവേദ-സിദ്ധ മരുന്നുണ്ടാക്കിയിരുന്ന കെട്ടിടം പൊളിച്ച് അഗ്രിക്കൾച്ചർ സോണിൽ (അന്ന് ഈ സ്ഥലം ഇരുപത്തഞ്ച് ഏക്കർ എന്നാണ് അറിയപ്പെട്ടിരുന്നത്) കെട്ടിട നിർമ്മാണം നടത്തി. 1998 ൽ ആദ്യമായി മൂന്ന് കുടുംബങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 28 കുടുംബങ്ങൾ താമസമുണ്ട്.

## കോർ കമ്മിറ്റി യോഗം ഇന്ന്

**സ്പിരിച്വൽ സോൺ:** ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റ് കോർ കമ്മിറ്റി ഇന്ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ വച്ച് നടക്കും. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡിപ്പാർട്ട്മെന്റ് ഹെഡ് സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി മഹനീയ സാന്നിധ്യമായിരിക്കും. ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ ബജറ്റ്, നവഒലി ജ്യോതിർദിനം ആഘോഷപരിപാടികൾ, പൂജിതപീഠം സമർപ്പണം വാർഷികം അവലോകനം, സാംസ്കാരിക ഡിവിഷനുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ മീറ്റിംഗിൽ ചർച്ച ചെയ്യും.



*ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡുവിനെ സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ആശ്രമം പ്രതിനിധികൾ സന്ദർശിച്ചപ്പോൾ. മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി, തിരുവനന്തപുരം ഡിസിസി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ സമീപം*

## 'മംഗല്യശ്രീ' ഓഫീസ് പ്രവർത്തനം ആരംഭിച്ചു

**സ്പിരിച്വൽ സോൺ:** ആശ്രമം ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റിന്റെ ഡിവിഷനായ ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സെക്ഷന്റെ നേതൃത്വത്തിൽ നടത്തുന്ന 'മംഗല്യശ്രീ' വിവാഹ ധനസഹായ പദ്ധതിയുടെ പ്രവർത്തനങ്ങൾ സജീവമായി. ശാന്തിഗിരി വിദ്യാഭവന് സമീപമാണ് മംഗല്യശ്രീയുടെ ഓഫീസ് ആരംഭിച്ചിരിക്കുന്നത്. ആശ്രമത്തിലെ വിവാഹങ്ങളെല്ലാം രജിസ്റ്റർ ചെയ്യുന്നത് മംഗല്യശ്രീ ഓഫീസിലായിരിക്കും. കൂടാതെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം വിവാഹത്തിനു തടസം നേരിടുന്ന ഇരുപത് വയസിനു മുകളിലുള്ള പെൺകുട്ടികളുടെയും 24 വയസിനു മുകളിലുള്ള ആൺകുട്ടികളുടെയും പേര് വിവരങ്ങൾ ഈ ഓഫീസിൽ നല്കാവുന്നതാണ്.

ആശ്രമത്തിലെ വിവാഹങ്ങൾ ഒരു ഏകീകൃത സ്വഭാവത്തിൽ നടത്തുന്നതിനായി രൂപം നല്കിയ പദ്ധതിയാണ് മംഗല്യശ്രീ.

ലോകനന്മയ്ക്കുതകുന്ന സന്താനപരമ്പരയെ സൃഷ്ടിച്ചെടുക്കാൻ ജാതിയോ മതമോ സമ്പത്തോ വിദ്യാഭ്യാസമോ പരിഗണിക്കാതെ ജീവന്റെ ചേർച്ചയെ മുൻനിർത്തിയുള്ള ഗുരുവാക്കിനെ അനുസരിച്ച് നടത്തുന്ന പുണ്യകർമ്മമാണ് ആശ്രമത്തിലെ വിവാഹങ്ങൾ.

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പൊതുയോഗം ഇന്ന് രാവിലെ 7.30 ന് റിസർച്ച് സോൺ കമ്യൂണിറ്റി ഹാളിൽ വച്ച് നടക്കും. ആദരണീയരായ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, എം.പി. പ്രമോദ് തുടങ്ങിയവർ സംസാരിക്കും.

## ശാന്തിഗിരി ടേക് എ ബ്രേക്ക്

**നി**ങ്ങളുടെ ജീവിതത്തിലെ സന്തോഷനിമിഷങ്ങൾ പങ്കുവയ്ക്കാൻ ശാന്തിഗിരി ടേക് എ ബ്രേക് അവസരമൊരുക്കുന്നു. ജന്മദിനം, വിവാഹവാർഷികം, നാമകരണം, കുഞ്ഞൂണ്, ഉദ്യോഗകയറ്റം, ബിസിനസ്-പ്രമോഷൻ തുടങ്ങിയ ഏത് ആഘോഷങ്ങളും മിതമായ നിരക്കിൽ ശാന്തിഗിരി ടേക് എ ബ്രേക്കിൽ വച്ച് സംഘടിപ്പിക്കാം. ശാന്തമായ അന്തരീക്ഷം. രുചികരമായ ഭക്ഷണം, എ.സി. നോൺ എ.സി. ഹാൾ, വാഹന പാർക്കിംഗ് സൗകര്യം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കോൺടാക്റ്റ് നമ്പർ: 8156857007, 8281695470

# ഗുരുവാണി

മറ്റുള്ളവരുടെ ജീവന്റെ കറ പിടിച്ചു കളയാനുള്ള വേല ഞാൻ ചെയ്തുവച്ചിട്ട് നിങ്ങളെ ഏല്പിക്കുകയാണ് - നിങ്ങൾ ഇന്നയിന്ന വിധത്തിലൊക്കെ ചെയ്തുകൊള്ളണം. ആ കർമ്മം ഏല്പിച്ചിട്ട് കഠിനമായ വ്രതമോ ഒന്നും സൂക്ഷിക്കാൻ ഞാൻ നിങ്ങളോട് പറയുന്നില്ല. ആ വിധത്തിലുള്ള കഠിനമായ സൂക്ഷിപ്പൊന്നും കൂടാതെ നിങ്ങളുടെ ദോഷമത്രയും സമർപ്പിക്കാൻ ഒരു വിധപ്പെട്ട ആരെങ്കിലും സമ്മതിക്കുമോ? ഒരാളിന്റെയെങ്കിലും ദോഷം ഏറ്റെടുക്കാൻ ഒരു വ്യക്തിക്കു കഴിയുമോ? ഇവിടെ എന്താണ് ചെയ്യുന്നത്? ആയിരക്കണക്കിനോ കോടിക്കണക്കിനോ ഭാരം ഏല്പിക്കാൻ നിങ്ങൾക്ക് ഒരിടം കിട്ടിയിരിക്കുകയാണ്. എന്താണ് ഇതിന്റെ രഹസ്യം? നിങ്ങൾക്കതു മനസിലാകാത്തിടത്തോളംകാലം ഞാനിതൊന്നും പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല.

ഞാൻ അടുക്കായിട്ട് ആർക്കും ഒന്നും പറഞ്ഞുകൊടുക്കുന്നില്ല. അനുഭവം വരുമ്പോൾ കുറച്ചു സമയമെടുത്ത് അങ്ങനെയുള്ളവരോട് സംസാരിക്കും. ജീവന്റെ പഴകിയ വാസനയും ധർമ്മഗതിയും ആ ധർമ്മത്തിൽ എന്തെല്ലാം പിശക് വന്നിട്ടുണ്ടെന്നും അവരവർതന്നെ അറിയുകയാണ്. അത് " ജാഗ്രത്, സ്വപ്ന, സുഷുപ്തീനാം സാക്ഷിപൂർത്തി " എന്ന രീതിയിൽ സാക്ഷിയായി നില്ക്കുന്ന ഗുരു നിങ്ങളുടെ കർമ്മത്തെ മാറ്റം ചെയ്യുന്നു. അതിനുശേഷം തുരീയം, തുരീയാതീതം എന്ന അവസ്ഥാഭേദത്തിലേക്ക് നിങ്ങൾ കയറിപ്പോവുകയാണ്. അതിന് നിങ്ങൾക്ക് ഗുരുവെ മാത്രം ആശ്രയിച്ചാൽ മതി. ദേവനെയും ഋഷിയെയോ പിശാചിനെയോ ഒന്നിനെയും നിങ്ങൾ നോക്കേണ്ടതില്ല. ഇതെല്ലാം നിങ്ങൾ വിളിക്കാതെതന്നെ നിങ്ങളുടെ മുമ്പിൽ വരുകയാണ്. നിങ്ങൾ മുതിർന്നവർക്കു കിട്ടാത്തത് നിങ്ങളുടെ കുട്ടികൾക്കു കിട്ടും. അതിന് ഇവിടെ ഒരു വാക്ക് കിട്ടിയിട്ടുണ്ട്: "മുതിർന്നവർക്കു കൊടുത്താൽ അവരതു ചീത്തയാക്കും." കുട്ടികളെ സംബന്ധിച്ച് അവർ വളർച്ച പ്രാപിക്കുന്നതിനോടൊപ്പം അവരുടെ മാംസത്തിലും രക്തത്തിലും മജ്ജയിലും കൂടി ഈ അനുഭവവശം വളർന്ന് അവരുടെ ബുദ്ധിയിലും അത് വളരും. അതോടൊപ്പം സ്നേഹവും വിനയവും ആദരവും വളരും. ആ സ്ഥാനത്ത് മുതിർന്നവർ പറയുന്നതെന്താണ്? ഞാൻ ജീവിതത്തിൽ ഒരുപാടു കണ്ടു, അറിഞ്ഞു, ഞാൻ മറ്റുള്ളവരേക്കാൾ കേമനാണ്. പോരാത്തതിന് ഭാഗവതം വായിച്ച് അതിന്റെ അർത്ഥവും പറഞ്ഞങ്ങിട്ടു കൊടുക്കും. അതുപോലെ പുരാണങ്ങളെക്കുറിച്ചും പറയും.

ഞാൻ ഇതൊന്നുമല്ല പറയുന്നത്. ഈ പുരാണങ്ങൾക്കും ഇതിഹാസങ്ങൾക്കും കാരണമായിരിക്കുന്ന കർമ്മത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ആ കർമ്മമാണ് ഞാൻ നിങ്ങൾക്കു വേണ്ടി ചെയ്തിരിക്കുന്ന ഗുരുപൂജ. ആ കർമ്മം ചെയ്തിട്ട് ഓരോ കർമ്മഗതിയിലെ നീചത്വങ്ങൾ മാറ്റിയിട്ട് വലിയവരെ വലിയവരാക്കിത്തന്നെ നിർത്തുകയാണ്. അവർ നിന്ന സ്ഥാനത്തുനിന്ന് അല്പം ഉയർത്തിയാണ് നിർത്തുന്നത്. നിങ്ങൾ ജനിച്ച് ഇങ്ങോട്ടു വന്ന അതേപോലെ തന്നെ ഇനിയുള്ള ജന്മാന്തരധർമ്മത്തിലെ ആവർത്തനവിശേഷം കൊണ്ട് ഗുരുവിൽക്കൂടി നിങ്ങൾ രക്ഷപ്പെടുകയാണ്. അതിന് ആണോ പെണ്ണോ ചെറുതോ വലുതോ ഭേദമില്ല. ജന്മനാ ആർക്കെല്ലാം അതിനുള്ള ഭാഗ്യമുണ്ടോ അവർക്കെല്ലാം ഇത് കിട്ടുകയാണ്.

അങ്ങനെ ഏഴാമത്തെ തലമുറയാകുമ്പോൾ നിങ്ങൾ ശുദ്ധമായ മനുഷ്യപരമ്പരയാവുകയാണ്. ഇതിൽ നിങ്ങൾ ഒരു വണ്ണവും ഒരു പൊങ്ങച്ചവും ഒരു ന്യായവും പറയേണ്ട. നിങ്ങളുടെ ജീവനെ പണയംവച്ചും സാധിച്ചെടുക്കേണ്ട സംഗതിയാണിത്. ഈ കാര്യത്തിനുവേണ്ടി സമയം ചെലവാക്കിയെന്നോ പണം ചെലവാക്കിയെന്നോ പറയുന്നതിൽ ഒരർത്ഥവുമില്ല. ആ പറച്ചിൽ അറിവുകേടാണ്, ശൂന്യമായ ജല്പനമാണ്.

## വചനദീപ്തി

" ന ഗുരോരധികം തത്ത്വം
ന ഗുരോരധികം തപഃ
ന ഗുരോരധികം ജ്ഞാനം
തസ്മൈ ശ്രീ ഗുരവേ നമഃ "

ശ്രീഗുരുഗീത

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 മാർച്ച് 22 - ശാന്തിപുരം, രത്നഗിരി
2018 മാർച്ച് 23 - ആനന്ദപുരം

## യാമപ്രാർത്ഥന

2018 മാർച്ച് 22 വ്യാഴം

## പൗർണ്ണമി

2018 മാർച്ച് 30 വെള്ളി

# ഭാഗ്യത്തിൽവച്ച് ഭാഗ്യമെന്നു പറയുന്ന ഭാഗം

ഇങ്ങനെയുള്ള ഭാഗങ്ങൾ നാം മനസിലാക്കിയിട്ട് പോകാൻ അത്ര പെട്ടെന്ന് കഴിഞ്ഞില്ലെങ്കിലും ഗുരുവിന്റെ വാക്കിനെ നാം അനുസരിക്കുകയും അനുസരണ തന്റെ ജീവിതത്തോടു ചേർത്തുവെക്കാനും, ആ ജീവിതം എല്ലാവരുമായിട്ട് പങ്കിടാനും ആ പങ്ക് ദൈവത്തിന്റെ പങ്കായിത്തീരാനും നാം ഒരുമിച്ചു നിന്ന് പ്രവർത്തിച്ച് ആ ഒന്നിലേക്കെത്താനും കഴിയുന്നതാണ് ഗുരുവെന്നുള്ള സത്യം. "വാക്കാണ് സത്യം, സത്യമാണ് ഗുരു, ഗുരുവാണ് ദൈവം" എന്നുപറയുന്ന ഭാഗത്ത് നമ്മുടെ ശരീരവും മനസും അതായിത്തീരണം. അതാണ് അവസ്ഥാന്തരഭേദം എന്നുപറയുന്നത്. അങ്ങനെ ഗുരു എത്രയോ കാലങ്ങൾ കടന്നുപോയ ഭാഗങ്ങൾ ഈ അഖണ്ഡനാമജപത്തിൽക്കൂടി നാം മനസിലാക്കുന്നു.

ഈ അഖണ്ഡനാമജപം സ്തോത്രമായും സ്തുതിയായും ഉപദേശമന്ത്രമായും അങ്ങനെ എല്ലാറ്റിനും ഉപരിയായി ദേവനേയോ ഋഷിയേയോ ജ്ഞാനിയേയോ ഭക്തനേയോ അതാതിന്റെ സ്ഥാനത്ത് നിർത്തുന്ന ഒരു വലിയ ധർമകർമത്തിന്റെ മാറ്റൊലിയായിത്തീരാനും ആ ഒലി സങ്കല്പത്തിൽ വെച്ച് ഏറ്റവും വലിയ സങ്കല്പത്തിന്റെ ഒലിയായിത്തീരാനും പ്രകാശധാരയുടെ ഏറ്റവും പൂർണ്ണാത്പൂർണ്ണമായ ഭാഗത്ത് നിൽക്കുന്ന ജ്യോതിർമയമായ ഒരു ഭാഗത്ത് ഈ പ്രകാശത്തിന്റെ ഒലി ചെന്നുനിൽക്കാനും വേണ്ടിയാണ്. അതിന്റെ മറ്റൊരു ഭാഗം ഇങ്ങനെയാണ്. നമ്മൾ ഈ ജപിക്കുന്ന അഖണ്ഡനാമം ഓരോന്നും സൂക്ഷ്മതലങ്ങളിലേക്ക് അലിഞ്ഞ് അവിടെ ഋഷിയും ജ്ഞാനിയും ഭക്തനും മറ്റ് എല്ലാവരുമായിട്ട് നിൽക്കുമ്പോൾ അതിസൂക്ഷ്മമായി നിന്നുകൊണ്ട് പുഷ്പങ്ങൾ അർപ്പിക്കുന്നതായിട്ടും അങ്ങനെ അനവധികാര്യങ്ങൾ അനുഭവസിദ്ധാന്തത്തിന്റെ രീതിയിൽ നമുക്ക് കാണാൻ കഴിയും.

അത് പിന്നെ തിരിച്ചെടുക്കുകയാണ്. ഇങ്ങനെയുള്ള പരമാർത്ഥമായ ഭാഗം ലഘുത്വത്തിൽക്കൂടി എടുക്കുകയാണ്. അതാണ് ഗുരുലഘുത്വമാണെന്നും നമ്മിൽ ലഘുത്വമാണെന്നും പറയുന്ന ഭാഗം. ആ ലഘുത്വം നമ്മളോട് ഒട്ടിച്ചേർന്ന് നിൽക്കാനും അന്ത്യംവരെ അത് സൂക്ഷിക്കാനും അങ്ങനെ വാൽസല്യനിധിയായിത്തീരുന്ന തന്റെ ഗുരുവിലേക്ക് അല്ലെങ്കിൽ ആ മഹിമാതിരേകത്തിലേക്ക് അണയാനും അല്ലെങ്കിൽ നമ്മൾ ജപിക്കുന്ന ഏതോ ഒന്നായിത്തീരാനും നമുക്കു കഴിയണം.

സകലതിലേക്കും ലയിച്ചടങ്ങിയിരിക്കുന്ന അപൂർണ്ണരൂപത്തെ പൂർണ്ണമായിത്തന്നെ നമ്മൾ വിശ്വസിച്ചെടുക്കാനും ആ വിശ്വാസം തന്നിലേക്കർപ്പിക്കാനും കഴിയുന്ന ഒന്നായിത്തീരട്ടെ. എല്ലാവരും ഗുരുവിനെ ഒന്നുചേർന്ന് ഗുരുവായി കാണാനുള്ള ഒരു കർമപദ്ധതിയും ധർമത്തിന്റെ സ്രഷ്ടാവും എല്ലാം നമ്മളായിത്തീരണം.

അങ്ങനെ ആയിത്തീരുന്ന ഒരു ലോകജനതയുടെ ആദ്യത്തെ കണ്ണികളാണ് നാം എന്ന് വിചാരിച്ചിട്ട് നമ്മൾ ഓരോ കർമവും ചെയ്യണം. അതുതന്നെയാണ് ഭാഗ്യത്തിൽവച്ച് ഭാഗ്യമെന്നു പറയുന്ന ഭാഗം. ഇത് മനസിലാക്കിയിട്ട് നമ്മൾ ഇന്നു ചെയ്യുന്ന എല്ലാ കർമവും എന്നല്ല ജീവിതാന്ത്യംവരെയും ഇതു സൂക്ഷിച്ചിട്ട് എന്റെയീ ശരീരം ഉള്ള കാലത്തോളം എന്റെ ഉച്ഛ്വാസത്തിലും നിശ്വാസത്തിലും ഞാനീ അഖണ്ഡനാമം സദാ എന്റെ മനസിൽ ഉരുവിട്ടിട്ട് എന്റെ കർമഗതിയിലിരിക്കുന്ന ദോഷവും മറ്റ് ദോഷങ്ങളും മാറി ഞാൻ നിന്റേത് തന്നെയാവും, നീയല്ലാതെ എനിക്ക് മറ്റൊന്നുമില്ല, അതാണ് എല്ലാമായ നമ്മുടെ ഗുരു എന്നു പറയുന്ന ഭാഗം. ഇത് മനസിലാക്കിയിട്ട് നമ്മൾ പ്രാർത്ഥിച്ച് ഒതുക്കുന്ന കർമത്തിന്റെ ഒരു പുണ്യസ്രോതസ്സും പുണ്യത്തിന്റെ അവകാശികളും അല്ലെങ്കിൽ എന്തോ നാം വിചാരിക്കുന്നതായി തീരട്ടെ. അങ്ങനെയൊരു മനസുവെച്ചാൽ നമ്മൾ എല്ലാവരും ഇന്ന് ഒരുപോലെ നിന്ന് പ്രാർത്ഥിച്ച് ഓരോ കർമങ്ങൾ ചെയ്യുകയും അത് ഫലപ്രാപ്തിയിൽ എത്തിക്കുകയും ചെയ്യണം.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** – അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# കർമ്മപ്രാപ്തി

ഏതൊരു കർമ്മവും ഗുരുവിന്റെ പൂർണ്ണമായ സംതൃപ്തിക്ക് അനുസൃതമായി ചെയ്യുക എന്നതാണ് ഒരു യഥാർത്ഥ ശിഷ്യന്റെ ധർമ്മം. ഇക്കാര്യം വെളിപ്പെടുത്തുന്ന, ഗുരുവിന്റെ ഒരു ഗൃഹസ്ഥശിഷ്യന്റെ അനുഭവം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ...

"ആശ്രമത്തിൽ സഹകരണമന്ദിരം സമർപ്പണം നിശ്ചയിക്കപ്പെട്ട സമയം. സമർപ്പണച്ചടങ്ങ് അന്തർദേശീയ നിലവാരത്തിലുള്ള വലിയ ഒരാഘോഷമായി നടക്കണം എന്ന സങ്കല്പം ഗുരു സ്വീകരിക്കുമോ, ആ സങ്കല്പം ഗുരുവിന് ഏതെങ്കിലും തരത്തിലുള്ള അസ്വസ്ഥത വരുത്തുമോ? ഇങ്ങനെ മനുഷ്യസഹജമായ ഒരു സന്ദേഹം ഒരിക്കൽ എനിക്കുണ്ടായി. അതിനു കാരണമുണ്ട്. എന്റെ ബുദ്ധിക്ക് ഉത്തമം എന്നു തോന്നിയിട്ടുള്ള ചില സങ്കല്പങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. അതു ചിലപ്പോഴൊക്കെ ഗുരുവിനെ അസ്വസ്ഥനാക്കിയിട്ടുമുണ്ട്.

ഏതായാലും സന്ദർഭവും ഗുരുവിന്റെ മാനസികാവസ്ഥയും നോക്കിയിട്ട് അന്തർദേശീയ നിലവാരമുള്ള ഒരു വലിയ ആഘോഷമായി സഹകരണമന്ദിര സമർപ്പണകർമ്മം നടത്താമോ എന്നു ചോദിച്ചുനോക്കാം എന്നു വിചാരിച്ചുകൊണ്ട് ഒരു ദിവസം ഞാൻ ഗുരുവിന്റെ അടുത്തുചെന്ന് കാൽക്കൽ നിന്നു. ഗുരു മയക്കത്തിൽ എന്നപോലെ ഇടതുവശം ചരിഞ്ഞുകിടക്കുകയാണ്. അഞ്ചു മിനിട്ട് കഴിഞ്ഞ് ഗുരു കണ്ണുതുറന്നു. എന്നെ കണ്ടു. വീണ്ടും കണ്ണുകളടച്ചു. അങ്ങനെ കിടന്നുകൊണ്ടുതന്നെ ഗുരു പറയുകയാണ്:

"അങ്ങനെ നടത്തുന്നതിൽ തെറ്റില്ല. പക്ഷെ നിങ്ങൾക്ക് അതിനുള്ള പുണ്യമുണ്ടോ? "

എന്നിട്ട് ഗുരു കണ്ണുതുറന്ന് എന്റെ നേർക്ക് വലതു കൈ നീട്ടി, എഴുന്നേൽക്കാൻ വേണ്ടി. എനിക്ക് അത്ഭുതമൊന്നും തോന്നിയില്ല. എന്റെ മനസ്സിന്റെ സ്പന്ദനങ്ങൾ കാറ്റ് ഗന്ധത്തെ എന്നപോലെ ഗുരുവിന്റെ വികാരങ്ങളിൽ പ്രവേശിക്കുകയും ശരിതെറ്റുകൾക്കനുസരിച്ച് പ്രതികരിക്കുകയും ചെയ്തിട്ടുള്ള നൂറ് നൂറ് അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്.

ഗുരു തുടർന്നു:

"നിങ്ങളുടെ പുണ്യത്തിന്റെ അളവിൽ ചെയ്യുന്ന കർമ്മങ്ങൾ ലോകമക്കളുമായി പങ്കുവയ്ക്കുവാൻ ഒരു കർമ്മപ്രാപ്തി വേണം. അല്ലെങ്കിൽ നിങ്ങൾ ഈ ചെയ്തുവയ്ക്കുന്നതൊക്കെ മണ്ണാങ്കട്ടയായിപ്പോകും. മനസ്സിലായോ? "

" മനസ്സിലായി "

അധികാരത്തിന്റെയും ഗൗരവത്തിന്റെയും ഭാവം വളർന്ന് ദീപ്തമായ ഗുരുവിന്റെ കണ്ണുകളെ അഭിമുഖീകരിക്കുവാൻ ത്രാണിയില്ലാതെ ചഞ്ചലമനസ്കനായി ശിരസ്സ് താഴ്ത്തിക്കൊണ്ട് ഞാൻ ചോദിച്ചു: " അതിനെന്താണു വേണ്ടത്, ഗുരോ? "

" അതിന് ഏഴ് ആകാശങ്ങൾ താണ്ടിയ ആത്മാവിന്റെ ഉടമയായ ഒരാൾ ഉണ്ടാവണം. അങ്ങനെ ഒരാൾ ഉണ്ടാവാൻ എത്രത്തോളം ഗുരുകാരുണ്യം ആവശ്യമാണോ അത് പൂർണ്ണ അളവിൽ ഉണ്ടാകാൻവേണ്ടി പ്രാർത്ഥിക്കണം. പരമ്പരയെക്കൊണ്ട് പ്രാർത്ഥിപ്പിക്കണം. "

# ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ച് പ്രതിഷ്ഠാ വാർഷികം 23 ന്



*ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ച്*

**കൊട്ടാരക്കര:** ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിന്റെ പ്രതിഷ്ഠാ വാർഷികം മാർച്ച് 23 ന് പ്രാർത്ഥനാ സങ്കല്പങ്ങളോടെ സമുചിതമായി ആഘോഷിക്കും. ആരാധന, വാർഷിക സമ്മേളനം, ദീപപ്രദക്ഷിണം എന്നിവ ഉണ്ടായിരിക്കും. 2014 മാർച്ച് 23 നാണ് അഭിവന്ദ്യ ശിഷ്യപൂജിത ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ചിന് തിരിതെളിയിച്ചത്.

ഗുരുവിന്റെ ജന്മാന്തരകർമ്മ പുണ്യത്തിന്റെ കൈയ്യൊപ്പ് ചാർത്തിയ സ്ഥലങ്ങളാണ് ആശ്രമത്തിന്റെ പ്രധാനകേന്ദ്രങ്ങളായി പരിണമിച്ചിട്ടുള്ളത്. കൊട്ടാരക്കര ബ്രാഞ്ചാശ്രമവും വ്യത്യസ്തമല്ല. കുന്നുകളും വയലുകളും അരുവികളുമെല്ലാം നിറഞ്ഞ മനോഹരമായ ദേശമാണ് കൊട്ടാരക്കര. എഴുതപ്പെട്ട ചരിത്രത്തിലേക്ക് നോക്കിയാൽ എളയിടത്തുസ്വരൂപം എന്ന നാട്ടുരാജ്യത്തിന്റെ ആസ്ഥാനമായിരുന്നു ഇവിടം. എളയിടത്ത് തമ്പുരാന്റെ കൊട്ടാരം ഉള്ള കര എന്ന അർത്ഥത്തിലാണ് ആ പേര് ലഭിച്ചതെന്ന് പറയുന്നു.

1993 സെപ്റ്റംബർ 13 -ാം തീയതി ഇവിടെ ചരിത്രം വഴിമാറുകയായിരുന്നു. അന്നാണ് പരമകാരുണ്യവാനായ ഗുരു ഇവിടേക്ക് എത്തിയത്. ഗുരുവിന്റെ കാരുണ്യധന്യതയിൽ ഈ ദേശത്തിന്റെ പൂർവകർമ്മ ഗതികൾ ശിഷ്യരുടെ ഉൾക്കണ്ണുകൾക്കു മുന്നിൽ മറനീങ്ങി. ഋഷീശ്വരന്മാരുടെ തപോബലം ഉറങ്ങിക്കിടക്കുന്ന പുണ്യഭൂമി.. യോഗികളും ജ്ഞാനികളും ഭക്തരുമായ അനേകം പുണ്യാത്മാക്കളുടെ യുഗാന്തരങ്ങൾ നീളുന്ന കർമ്മസപര്യ ഊർജ്ജപ്രവാഹമാകുന്ന ഇടം. ആ ഊർജ്ജപ്രവാഹങ്ങൾക്കെല്ലാം കേന്ദ്രബിന്ദുവായി നിലകൊള്ളുന്ന ഗുരുവിന്റെ ജന്മകർമ്മങ്ങൾ...

ആ ദർശനകാഴ്ചകൾ ഒരു സങ്കല്പത്തിന്റെ തുടക്കമാവുകയായിരുന്നു. 2003 ഫെബ്രുവരി 22 ശനിയാഴ്ച. ജനനി നിശ്ചിത ജ്ഞാനതപസ്വിനിയുടെ കൊട്ടാരക്കരയിലെ പൂർവ്വകുടുംബത്തിൽ നിന്നും പുജിതമായ രജതപീഠം ആഘോഷമായി കൊണ്ടുവന്ന് ഗുരുവിന് സമർപ്പിച്ചു. എല്ലാവർക്കും നന്മയുടെ പാത തുറന്നുകിട്ടുവാൻ ദൈവം പ്രപഞ്ചത്തിനു നല്കിയ വരദാനം – ലോകത്ത് നന്മ പകരുന്നതിനായി ഈ പരമ്പരയിലൂടെ സാധിതമായ അസുലഭധന്യതയാണ് ആ പൂജിതപീഠം സമർപ്പണം. ആ വർഷം ഡിസംബർ 18 ന് അഭിവന്ദ്യ ശിഷ്യപൂജിത ഇവിടം സന്ദർശിച്ചു. സുകൃതധന്യമായ ആ നിമിഷങ്ങളിൽ ഗുരുവിനൊപ്പമെത്തിയ കാലത്തുള്ള സങ്കല്പതന്തുക്കൾക്ക് സ്ഥായീഭാവമുണ്ടായി. ഒരു വ്യാഴവട്ടക്കാലത്തിനകം ഈ നാടിന്റെ ചിരകാലാഭിലാഷമായ ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിന് 2014 മാർച്ച് 23 ന് അഭിവന്ദ്യ ശിഷ്യപൂജിത തിരിതെളിയിച്ചു.

## ഗുരുകാന്തിയിൽ അവധിക്കാല ക്ലാസ് ഏപ്രിൽ 2 മുതൽ

**സ്പിരിച്ചൽ സോൺ:** ശാന്തിഗിരി ഗുരുകാന്തിയിൽ അവധിക്കാല പഠനക്ലാസ് ഏപ്രിൽ രണ്ടിന് ആരംഭിക്കും. ഒരു മാസം നീണ്ടുനില്ക്കുന്ന ക്ലാസിൽ, യൂണിറ്റിൽ നിന്നുള്ള ഗുരുകാന്തി കുട്ടികളെ പങ്കെടുപ്പിക്കേണ്ടതാണ്. സർവാദരണീയ സന്ന്യാസി സന്ന്യാസിനിമാരും വിശിഷ്ട വ്യക്തിത്വങ്ങളും കുട്ടികളുമായി സംവദിക്കാനെത്തുന്നതാണ്. ഇതോടൊപ്പം ഗുരുസ്നേഹത്തിന്റെ തണലിൽ എന്ന പേരിൽ ഏഴ് ദിവസം നീണ്ടു നില്ക്കുന്ന ക്യാമ്പ് 12 വയസുമുതൽ 22 വയസുവരെയുള്ള കുട്ടികൾക്കായി സംഘടിപ്പിക്കുന്നുണ്ട്.

## പ്രാർത്ഥനായോഗം

**സ്പിരിച്ചൽ സോൺ:** പോത്തൻകോട്, ആനന്ദപുരം, പാലോട്ടുകോണം യൂണിറ്റുകളിൽ മാർച്ച് 10 ന് നടന്ന പ്രാർത്ഥനായോഗങ്ങളിൽ സർവാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി, ആദരണീയരായ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി എന്നിവർ പങ്കെടുത്തു.



*ആശ്രമത്തിലെ 'കരുണ ശുദ്ധജലം' സംഭരണി*

## നവഒലി ജ്യോതിർദിനം വ്രതസങ്കൽപധന്യതയിൽ ആത്മബന്ധുക്കൾ

**സ്പിരിച്ചൽ സോൺ:** നവഒലി ജ്യോതിർദിനത്തിനു മുന്നോടിയായുള്ള 72 ദിവസത്തെ വ്രതസങ്കല്പങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ഇതോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങളും നടക്കുന്നു. ഓങ്കാരനിദാനമായ ഗുരുവിന്റെ പ്രകാശത്തിന്റെ ബ്രഹ്മകല്പിതമായ പദമാണ് നവഒലി. ഗുരുവിന്റെ പ്രകാശം പ്രപഞ്ചവിസ്തൃതിയോളം വ്യാപിച്ചുനില്ക്കുന്നു. ആ പ്രകാശത്തിൽ ഓംകാരധ്വനി സദാ മുഴങ്ങുന്നു. ആ പരമപ്രകാശത്തിന്റെ വിസ്മയവെണ്മയും പ്രണവധ്വനിക്ക് സമാനമായ ആ ശബ്ദവും വർണ്ണനാതീതമായ പൂർണ്ണതയിൽ സമന്വയിക്കുന്നു.

അഷ്ടസിദ്ധികളും ജീവന്റെ ശുദ്ധിയും നാടിന്റെയും ഗോത്രത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും ശുദ്ധിക്കായി ഓരോരുത്തരുടെ സങ്കല്പത്തിന്റെ വ്യാപ്തിയിൽ ധർമപ്പെടുത്തി, കർമപ്പെടുത്തി, പുണ്യപ്പെടുത്തി എടുക്കാൻ കഴിയുന്ന മംഗളാചരണദിനമാണ് നവഒലി ജ്യോതിർദിനം. ലോകത്തിന്റെ ധർമ്മഗതിക്ക് സംഭവിച്ച തെറ്റ് ഗുരുവിലൂടെ തിരുത്തപ്പെടുകയാണ്. സനാതനമോ ഹൈന്ദവമോ ലോകത്തെ മറ്റേതെങ്കിലും തത്വശാസ്ത്രങ്ങളോ പുനരുദ്ധരിക്കപ്പെടുകയല്ല, മറിച്ച് ധർമ്മത്തിന്റെ നവമായ സൃഷ്ടിയും പുറപ്പാടുമാണ് ഗുരുവിലൂടെ സംഭവിച്ചിരിക്കുന്നത്.

## മാർച്ച് 22 ലോക ജലദിനം

ഓരോ തുള്ളി വെള്ളവും സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ അടുത്തുതന്നെ ഉണ്ടായേക്കാവുന്ന മഹാവിപത്തിന്റെ മുന്നറിയിപ്പാണ് ഓരോ ജലദിനവും നമുക്ക് നല്കുന്നത്. കുടിവെള്ളത്തിന് സ്വർണ്ണത്തേക്കാൾ വിലവരുന്ന കാലത്ത് അടുത്ത മഹായുദ്ധം നടക്കാൻ പോകുന്നത് വെള്ളത്തിന് വേണ്ടിയായിരിക്കും എന്നത് അസംഭവ്യമായി തള്ളിക്കളയേണ്ട ഒന്നല്ല. ഇപ്പോൾ തന്നെ, ആറു മാസത്തോളം മഴ ലഭിക്കുന്ന കേരളത്തിൽപ്പോലും സ്ഥിതിഗതികൾ ആശങ്കാജനകമാണ്. കുടിവെള്ള സ്രോതസ്സുകളെല്ലാം ദിനംപ്രതി മലിനമായിക്കൊണ്ടിരിക്കുന്നു. നദികൾ മാലിന്യക്കൂമ്പാരങ്ങളാണ്. കിണറുകളും കുളങ്ങളും രാസവസ്തുക്കളാലും പാഴ്വസ്തുക്കളാലും മലിനമായി. ലോക ജലദിനത്തിൽ നമ്മൾ ഓർമ്മിക്കേണ്ട വസ്തുതകളാണിവ.

ജലസംരക്ഷണത്തിന്റെയും മിതമായ ഉപഭോഗത്തിന്റെയും തിരിച്ചറിവ് ലോകത്തിനു പകർന്ന 'കരുണ ശുദ്ധജലം' എന്ന ഗുരുവിന്റെ സങ്കല്പം നമുക്ക് മാതൃകയായി നില്ക്കുന്നു. ലോക ജലദിനമെന്ന നിർദ്ദേശം ആദ്യമായി ഉയർന്നുവന്നത് 1992ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ ചേർന്ന യു.എൻ. കോൺഫറൻസ് ഓൺ എൻവയൺമെന്റ് ആൻഡ് ഡവലപ്മെന്റിലാണ്. ഇതേ തുടർന്നാണ് യു.എൻ. 1993 മാർച്ച് 22 മുതൽ ഈ ദിനം ലോക ജലദിനമായി ആചരിക്കുവാൻ തീരുമാനിച്ചത്.

## കോർ കമ്മിറ്റി യോഗം ചേർന്നു



*എസ്.എച്ച്.ആർ.ഒ. കോർ കമ്മിറ്റി യോഗത്തിൽ നിന്ന്*

**സ്പിരിച്ചൽ സോൺ:** മാർച്ച് 16, 17 ദിവസങ്ങളിൽ സ്പിരിച്ചൽ സോൺ കോൺഫ്രൻസ് ഹാളിൽ വച്ച് എസ്. എച്ച്. ആർ.ഒ. കോർ കമ്മിറ്റി യോഗം ചേർന്നു. ആശ്രമം ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. സർവാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ഡോ. സ്വാമി ഭാനുപ്രകാശ ജ്ഞാനതപസ്വി, ഡോ. ജനനി ശ്യാമരൂപ ജ്ഞാനതപസ്വിനി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി തുടങ്ങിയവർ പങ്കെടുത്തു.




*സ്റ്റീഫൻ ഹോക്കിംഗ് അനുസ്മരണ ചടങ്ങിൽ നിന്ന്*

# സ്റ്റീഫൻ ഹോക്കിംഗിനെ അനുസ്മരിച്ചു

**എജ്യൂക്കേഷൻ സോൺ:** അന്തരിച്ച വിഖ്യാത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗിന് പ്രണാമം അർപ്പിച്ച് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ. ഐൻസ്റ്റീനൊപ്പം പരിഗണിക്കപ്പെട്ട പ്രപഞ്ചശാസ്ത്രജ്ഞന് തത്സമയ ചിത്രാവിഷ്കാരത്തിലൂടെയാണ് വിദ്യാർത്ഥികൾ ആദരം അർപ്പിച്ചത്. ചിത്രകാരന്മാരായ ഡാവിഞ്ചി സുരേഷ്, ഷൈജു കെ. മാലൂർ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.

തുടർന്ന് സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ നടത്തിയ സമ്മേളനത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

## കിന്റർ ഗാർട്ടനിൽ 'തീം ഓഫ് ദി വീക്ക്'

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ കിന്റർ ഗാർട്ടനിൽ തീം ഓഫ് ദി വീക്ക് കുരുന്നുകൾക്ക് ആസ്വാദ്യജനകമായി. മാർച്ച് 16 ന് 'സണ്ണി ഡേ' എന്ന വിഷയത്തിൽ നടന്ന പ്രോഗ്രാമിൽ അവതരിപ്പിച്ച പാരച്യൂട്ട് ഗെയിംസ്, ഷാഡോ ഗെയിംസ് എന്നിവ കുട്ടികൾക്ക് ആവേശം പകർന്നു. രക്ഷകർത്താക്കളും അദ്ധ്യാപകരും പങ്കെടുത്തു.



*ശാന്തിഗിരി വിദ്യാഭവനിലെ 'തീം ഓഫ് ദി വീക്ക്' പ്രോഗ്രാം*

# മെഡിക്കൽ ക്യാമ്പ് ഇന്ന്

**പോത്തൻകോട്:** ജില്ലാ നിയമസേവന അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഇന്ന് രാവിലെ 9.30 മുതൽ പോത്തൻകോട് ഗവ. യുപിഎസിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും ശ്രമിക് കല്യാൺ കേന്ദ്രയുടെയും സഹകരണത്തോടെയാണ് ക്യാമ്പ് നടക്കുന്നത്.

ഇതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം സൗജന്യമായി ആവാസ് കാർഡ് രജിസ്ട്രേഷനും വിതരണവും ഉണ്ടായിരിക്കുന്നതാണ്.

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം
ഫോൺ : 8089695320



*ശാന്തിഗിരി കുടുംബയോഗത്തിൽ ഇ വി ആൻഡ്രൂസിനെ ആദരിക്കുന്നു*

# പോസ്റ്റ് സ്ട്രോക്ക് ക്ലിനിക്ക്

**തിരുവനന്തപുരം:** ശാസ്തമംഗലത്ത് പ്രവർത്തിക്കുന്ന ശാന്തിഗിരി ആയുർവേദ-സിദ്ധ ഹോസ്പിറ്റലിൽ പോസ്റ്റ് സ്ട്രോക്ക് ക്ലിനിക്ക് ആരംഭിച്ചു. മസ്തിഷ്കാഘാതത്തെ തുടർന്നുണ്ടാകുന്ന പക്ഷാഘാതം, സംസാരിക്കാനും മനസിലാക്കാനുമുള്ള ബുദ്ധിമുട്ട്, പേശിക്ഷയം, മുഖം കോട്ടുന്ന അവസ്ഥ, മരവിപ്പ്, മാനസിക സമ്മർദ്ദം, മറ്റ് ശാരീരിക അസ്വാസ്ഥ്യങ്ങൾ എന്നിവയ്ക്കുള്ള ഫലപ്രദമായ ആയുർവേദ-സിദ്ധ വിഭാഗമാണ് ഇത്. രോഗികൾക്കായി കിടത്തി ചികിത്സയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ശാസ്തമംഗലം, ശാന്തിഗിരി ആയുർവേദ-സിദ്ധ ഹോസ്പിറ്റലുമായി ബന്ധപ്പെടണം. ഫോൺ- 8111912007.

# ആശ്രമം അടുക്കള നവീകരിക്കുന്നു

**റിസർച്ച് സോൺ:** റിസർച്ച് സോണിൽ സ്ഥിതി ചെയ്യുന്ന ആശ്രമം അടുക്കളയുടെ കിഴക്കുവശത്തെ ബിൽഡിംഗ് നവീകരണം പൂർത്തിയായി വരുന്നു. നിലവിൽ ഫ്ളോറിംഗ് വർക്കുകളാണ് നടക്കുന്നത്. ഫ്ളോറിൽ മാർബിൾ പാകി ഭംഗിയാക്കിയിട്ടുണ്ട്. മാർബിൾ മിനുസപ്പെടുത്തുന്ന പണികൾ ഇനി പൂർത്തിയാകാനുണ്ട്. നേരത്തെ ബിൽഡിംഗിന്റെ മുകൾവശത്തെ പെയിന്റിംഗ് വർക്കുകൾ ഉൾപ്പെടെയുള്ള മെയിന്റനൻസ് പ്രവർത്തനങ്ങൾ പൂർത്തിയായിരുന്നു. നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ആശ്രമം ഡൈനിംഗ് ഹാളിലേക്കുള്ള ആഹാരം ഉൾപ്പെടെ പടിഞ്ഞാറുവശത്തുള്ള ബിൽഡിംഗിൽ നിന്നാണ് തയ്യാറാക്കിവരുന്നത്. സന്ന്യാസിസന്ന്യാസിനിമാർക്കുള്ള ആഹാരവും ഇവിടെയാണ് തയ്യാറാക്കുന്നത്.

# മെഡിക്കൽ ക്യാമ്പ് നടത്തി

**പാലോട്:** ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെയും ശാന്തിഗിരി ആശ്രമം, നെടുമങ്ങാട് ഏരിയ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റെ സഹകരണത്തോടെ മാർച്ച് 16 ന് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ബൊട്ടാണിക്കൽ ഗാർഡനിലെ ജീവനക്കാരും സന്ദർശകരും നാട്ടുകാരും ഉൾപ്പെടെ നിരവധി പേർ മെഡിക്കൽ ക്യാമ്പിൽ പരിശോധനകൾക്കെത്തി. ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ഗാർഡൻഡയറക്ടർ എ.ജി. പാണ്ഡുരംഗൻ തുടങ്ങിയവർ സംബന്ധിച്ചു.



*ശാന്തിഗിരി ആശ്രമം സന്ദർശിച്ച ആയുർവേദ കോളേജ് വിദ്യാർത്ഥികളോട് ഡോ. റ്റി.എസ്. സോമനാഥൻ സംസാരിക്കുന്നു*

# ആയുർവേദ കോളേജ് വിദ്യാർത്ഥികൾ ആശ്രമം സന്ദർശിച്ചു

**സ്പിരിച്ചൽ സോൺ:** തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പി.ജി. വിദ്യാർത്ഥികളുടെ സംഘം മാർച്ച് 11 ന് ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. രാവിലെയെത്തിയ വിദ്യാർത്ഥികൾ സ്പിരിച്ചൽ സോണിൽ പ്രാർത്ഥനയ്ക്ക് ശേഷം അഭിവന്ദ്യ ശിഷ്യപൂജിതയെ ദർശിച്ചു. അൻപതോളം വിദ്യാർത്ഥികളടങ്ങിയ സംഘത്തോട് ഡോ. റ്റി. എസ്. സോമനാഥൻ ഗുരുവിനെക്കുറിച്ചും ആശ്രമത്തെക്കുറിച്ചും ഗുരു വിഭാവന ചെയ്ത നവ ആരോഗ്യ ധർമ്മ സിദ്ധാന്തത്തെക്കുറിച്ചും സംസാരിച്ചു. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ഡോ. ജനനി രമ്യപ്രഭ ജ്ഞാനതപസ്വിനി, ഡോ.രാജ്കുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർ സിദ്ധവൈദ്യശാസ്ത്രത്തെക്കുറിച്ച് വിദ്യാർത്ഥികളോട് സംസാരിച്ചു.

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini Editor: T. Sasimohan Senior Co-ordinating Editor: Anil Cherthala